# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.939** **10.06.2019 ലെ മറുപടി**

**പിറവത്തെ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്:** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) 2018-ലെ പ്രളയത്തെ തുടർന്ന് വിഭാവനം ചെയ്ത റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ ഉൾക്കൊളളിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുളളതെന്ന വിവരം മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വിഭാഗങ്ങൾ തിരിച്ച് ലഭ്യമാക്കുമോ; | (എ) 2018-ലെ പ്രളയത്തെ തുടർന്ന് വിഭാവനം ചെയ്ത റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ജലവിഭവവകുപ്പിന്റെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ജലവിഭവ വകുപ്പിനുള്ള വിഹിതത്തെ സംബന്ധിച്ച അന്തിമ തീരുമാനം ആയിട്ടില്ല. |
| (ബി) 2018-ലെ പ്രളയത്തെതുടർന്ന് പിറവം നിയോജക മണ്ഡലത്തിലെ നദീതീരം, പുഴതീരം, തോടുകളുടെ തീരം എന്നിവ എത്ര കിലോമീറ്റർ വീതം തകർന്നതായാണ് കണക്കാക്കിയിട്ടുളളതെന്ന് വ്യക്തമാക്കുമോ; | (ബി) പിറവം നിയോജക മണ്ഡലത്തിൽ വരുന്ന മൂവാറ്റുപുഴ ആറിന്റെ ഏകദേശം 1.8 കി.മീറ്റർ തീരവും തോടുകളുടെ ഏകദേശം 800 മീറ്റർ തീരവും തകർന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) ഇപ്രകാരം തകർന്ന തീരങ്ങൾ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (സി) റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ സർക്കാരിന് നൽകിയ പദ്ധതികളിൽ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ജലസേചന നിർമ്മിതികളുടെ പുനസ്ഥാപനത്തിനുള്ള പദ്ധതിയും ഉൾപ്പെടുന്നു. ഇവയ്ക്കുള്ള ധനസഹായത്തെക്കുറിച്ച് തീരുമാനം ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ